"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - നാട്ടിലേക്കിറങ്ങുന്ന ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കാൻ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

## വനം വന്യജീവി (ഡി) വകുപ്പ്

**സ.ഉ.(സാധാ) നം.5/2021/വനം** തീയതി,തിരുവനന്തപുരം, 11/01/2021

---

പരാമർശം:- 1) സ.ഉ.(സാധാ) നം.265/2011/വനം. തീയതി, 17/06/2011.

2) സ.ഉ.(സാധാ) നം. 281/2011/വനം. തീയതി, 23/06/2011

3) സ.ഉ.(സാധാ) നം. 399/2012/വനം. തീയതി, 04/08/2012.

4) സ.ഉ.(കൈ) നം. 31/2013/വനം. തീയതി, 19/03/2013.

5) സ.ഉ.(കൈ) നം. 95/2014/വനം. തീയതി, 17/11/2014.

6) സ.ഉ.(കൈ) നം. 7/2019/വനം. തീയതി, 16/02/2019..

7) 21/12/2020-ൽ നടന്ന യോഗത്തിന്റെ മിനിട്ട്സ്.

8) സ.ഉ.(സാധാ) നം. 111/2020/വനം. തീയതി, 18/05/2020.

9) സ.ഉ.(സാധാ) നം.284/2020/വനം. തീയതി, 18/11/2020

## ഉത്തരവ്

കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിയ്ക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നതിന് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട്, പരാമർ ശം 8 പ്രകാരം, ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, പ്രസ്തുത ഉത്തരവിന്റെ കാലാവധി 17/05/2021 വരെ ദീർഘിപ്പിച്ചുകൊണ്ട്, പരാമർശം 9 പ്രകാരം, ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) ഇപ്രകാരം കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അപ്രായോഗികമാണെന്നും കാട്ടുപന്നികൾമൂലമുള്ള നാശനഷ്ടങ്ങളിൽ കാര്യമായ കുറവ് ഉണ്ടാകാത്ത സാഹചര്യത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ധാരാളം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ 11(1)(b) വകുപ്പ് പ്രകാരം, ഇത്തരം കാട്ടുപന്നികളെ നശിപ്പിക്കുന്നതിന്, താഴെപ്പറയും പ്രകാരം, പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു:-

(i) മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിയ്ക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ, 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ 2(16) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളത് പ്രകാരം, നശിപ്പിക്കാൻ കർഷകർക്കും

ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ ഇത്തരം കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ലാത്തതാണ്:-

എ) വിഷ പ്രയോഗം (By poisoning) ;

ബി) സ്ഫോടകവസ്തു പ്രയോഗം (By the use of explosives); &

സി) വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ (By electric shock)

(ii) കാട്ടിൽ നിന്നും നാട്ടിലേയ്ക്കിറങ്ങി മനുഷ്യ ജീവനോ, സ്വത്തിനോ, കൃഷിക്കോ നാശനഷ്ടമുണ്ടാക്കുന്ന എല്ലാത്തരം കാട്ടുപന്നികളെയും നശിപ്പിക്കാവുന്നതാണ്;

(iii) കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുള്ള, അനുബന്ധ പട്ടികയിലെ, പ്രദേശങ്ങളിൽ ഈ ഉത്തരവ് പ്രകാരം കാട്ടുപന്നികളെ നശിപ്പിക്കാവുന്നതാണ്;

(iv) ജനജാഗ്രതാ സമിതിയുടെ ശിപാർശ സഹിതമോ അല്ലാതെയോ, റെയ്ഞ്ച് ഓഫീസർ / അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക്, ടി പന്നികളെ നശിപ്പിക്കുന്നതിനുള്ള അനുമതി തേടിക്കൊണ്ട്, സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്;

(v) ഇപ്രകാരം അനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പിടിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുന്ന കാട്ടുപന്നികളെ സംബന്ധിച്ച വിവരം ടി വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉടൻതന്നെ അറിയിക്കേണ്ടതും പ്രസ്തുത അറിയിപ്പ് ലഭിച്ചുകഴിഞ്ഞാലുടൻ 2 4 മണിക്കൂറിനകം പ്രസ്തുത കാട്ടുപന്നിയെ/ ജഡത്തെ പ്രസ്തുത ഉദ്യോഗസ്ഥർ ബോധ്യപ്പെടുത്തേണ്ടതുമാണ്;

(vi) കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട്, പരാമർശം 8 പ്രകാരം, പുറപ്പെടവിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ (തോക്ക് ലൈസൻസുള്ള വ്യക്തികളെ എംപാനൽ ചെയ്യുക, പ്രതിഫലം നൽകുക എന്നിവ) തുടരുന്നതാണ്;

(vii) കാട്ടുപന്നിയെ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മനുഷ്യജീവനോ സ്വത്തിനോ സംഭവിക്കുന്ന അപായങ്ങൾക്കും നാശനഷ്ടങ്ങൾക്കും ബന്ധപ്പെട്ട വ്യക്തി / വ്യക്തികൾ ഉത്തരവാദി ആയിരിക്കുമെന്നുള്ള വ്യവസ്ഥ തുടരുന്നതാണ്;

(viii) ജഡം മറവുചെയ്യൽ, മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യൽ എന്നിവ സംബന്ധിച്ച്, പരാമർശം 8 പ്രകാരം, പുറപ്പെടവിച്ച ഉത്തരവിലെ വ്യവസ്ഥകൾ തുടരുന്നതാണ്;

(ix) ടി കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്നതുമായി ബന്ധപ്പെട്ട്, വനംവകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി, അതതു ഡിവിഷനുകളിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4) പരാമർശം 8-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

5) ഈ ഉത്തരവിന്, പരാമർശം (9)-ലെ, സർക്കാർ ഉത്തരവിന്റെ കാലാവധിയായ 17/05/2021 വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ്ഫോഴ്സ്, തിരുവനന്തപുരം.

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ , കേരള, തിരുവനന്തപുരം.

3. ഡയറക്ടർ ജനറൽ ഓഫ് ഫോലീസ്, പോലീസ് ആസ്ഥാനം വഴുതക്കാട്, തിരുവനന്തപുരം.

4. എല്ലാ ജില്ലാ കളക്ടർമാർക്കും

5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

6. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ന്യൂ മീഡിയ)

7. കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by ASHARAF A
Date: 2021.01.11 15:40:04 IST
Reason: Approved.
സെക്ഷൻ ഓഫീസർ

വേലെഴുത്ത് നമ്പർ - WL4-466/2011 തീയതി: 12.1.2021

പകർപ്പ് :- എല്ലാ ടെറിട്ടോറിയൽ /വൈൽഡ് ലൈഫ് സി.സി.എഫ് മാർക്കും അനന്തര നടപടികൾക്കായി അയയ്ക്കുന്നു.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ.